**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ:No.DT- 4339/2019-G3 തീയതി: 29/07/2019

## <u>വിജ്ഞാപനം</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 നാലാം (സെമസ്റ്റർ) (റഗുലർ) പരീക്ഷയിൽ പങ്കെടുക്കുന്നതിന്- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

***********

സംസ്ഥാനത്തെസർക്കാർ/എസ്.സി.ഡി.ഡി./എസ്.ടി.ഡി.ഡി. ഐ.ടി.ഐ.കളിൽ 2017 ഓഗസ്റ്റിൽ എസ്.സി.വി.ടി ട്രേഡുകളിൽ അഡ്മിഷൻ നേടി ദ്വിവത്സര കോഴ്സുകളിൽ പരിശീലനം നേടിവരുന്ന ട്രെയിനികളിൽ നിന്ന് നാലാം സെമസ്റ്റർ (റഗുലർ), എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

110/- രൂപയാണ് അപേക്ഷാഫീസ്. അപേക്ഷാഫീസ് "0230-ലേബർ ആൻറ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 14.08.2019 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പുകൾ , എസ്.എസ്.എൽ.സി.യുടെ പകർപ്പ്, എന്നിവ സഹിതം 14.08.2019 .ന് വൈകുന്നേരം 4 മണിക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 60/-- രൂപ ഫൈനോട്ടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 21.08.2019 ആണ്.

നിശ്ചിത തീയതിക്കകം ലഭിക്കാത്തതും അപൂർണ്ണമായതും അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ നിരുപാധികം സ്ഥാപന മേധാവികൾ നിരസിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനമേധാവി പരിശോധിച്ച് അർഹത ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തണം.

പ്രാക്ടിക്കൽ പരീക്ഷക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 100/ രൂപ ജാമ്യനിക്ഷേപമായി സ്ഥാപന മേധാവിയെ ഏൽപിക്കേണ്ടതും ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം ടി തുക മടക്കി നൽകുന്നതാണ്.

(Sd/-)

MADHAVAN P K, ADT DTTVPM, O/O DTTVPM , ADT

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

പകർപ്പ്:-ബന്ധപ്പെട്ടഎല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും/ജെ.ഡി.റ്റി. കണ്ണൂർ / എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/ചീഫ് മാനേജർ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് /ഡി.ഡി.റ്റി/റ്റി.റ്റി.ഒ/സംഭരണ ഫയൽ (ജി3)

// അംഗീകാരത്തോടെ //

ട്രേഡ് ടെസ്റ്റ് ഓഫീസർ

I/10710/2019

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ:DT/4339/2019-G3 തീയതി: 29/07/2019

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 നാലാം (സെമസ്റ്റർ) (റഗുലർ)-ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

**********

എസ്.സി.വി.റ്റി. ട്രേഡുകളിൽ 2017 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികളാണ് നാലാം സെമസ്റ്റർ (റഗുലർ) പരീക്ഷയ്ക്ക് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത് . അപേക്ഷ സമർപ്പിച്ച ട്രെയിനികളാണെങ്കിലും നാലാം സെമസ്റ്റർ പരിശീലനംപൂർത്തിയാകുന്ന 2019 ജൂലൈയിൽ 80% ഹാജർ നേടിയവർക്കുമാത്രമേ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റ് വിതരണം നടത്തുകയുള്ളൂ. ഇപ്രകാരം രേഖപ്പെടുത്തിയ അനുബന്ധം-1 അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

110/- രൂപയാണ് അപേക്ഷാഫീസ്. അപേക്ഷാഫീസ് "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 14.08.2019 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയ അസ്സൽ ചെലാൻ, എസ്.എസ്.എൽ.സി.യുടെ പകർപ്പ്, ഫെബ്രുവരി 2019 മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുത്ത ഹാൾ ടിക്കറ്റിന്റെ പകർപ്പ്, പൂരിപ്പിച്ച അപേക്ഷയുടെ രണ്ട് പകർപ്പുകൾ സഹിതം 14.08.2019 വൈകുന്നേരം 4 മണിക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.60/-രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 21.08.2019 ആണ്.

ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/ രൂപ ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുക 110/-രൂപയാണ്.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 110/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ സഹിതം പൂരിപ്പിച്ച അപേക്ഷകൾ 14.08.2019 വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷകളുടെ രണ്ട് പകർപ്പുകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. റീ അഡ്മിഷൻ നേടിയ ട്രെയിനികളുടെ അപേക്ഷ സമർപ്പിക്കുമ്പോൾ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് . അല്ലാത്ത പക്ഷം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

പരിശീലനം പൂർത്തതിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല . എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച

അപേക്ഷകൾ 14.08.2019 ന് വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഹാൾ ടിക്കറ്റിന്റെ പകർപ്പ്, എന്നിവ ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി അബ്സെന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കലാസ്സുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മുഖാന്തിരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ 4 സൈസിലുള്ള അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

(Sd/-)

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

/ അംഗീകാരത്തോടെ //

എല്ലാ ട്രെയിനികൾക്കും ( ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തിരം)

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ:DT/4339/2019-G3 തീയതി: 29/07/2019

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 നാലാം (സെമസ്റ്റർ) (റഗുലർ)- ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്.

**********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽശുപാർശ ചെയ്യുന്നതിന് മുൻപ് താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

1. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.

2. ടി ട്രെയിനി എസ്.സി.വി.ടി. സ്കീമിൽ അഡ്മിഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനിയാണോയെന്ന് ഉറപ്പാക്കേണ്ടതാണ്.

3. അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

4. ട്രെയിനിയുടെ എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസ്സൽ പകർപ്പ്, റീ അഡ്മിഷൻ നേടിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

5. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ട്രെയിനി 80% ഹാജർ നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

6. നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന ട്രെയിനികൾ മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുത്ത ഹാൾ ടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ട്രെയനികളുടെ അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ 17.08.2019 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നോഡൽ ഐ.ടി.ഐ. കളിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഹാൾടിക്കറ്റ് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള എക്സൽ ഫോർമാറ്റ് മാതൃകയിൽ (സി ഡി യിൽ ) തയ്യാറാക്കി റോൾ ലിസ്റ്റ് ഉൾപ്പെടെ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് (സി ഡി യിൽ ) റോൾ ലിസ്റ്റ് ഉൾപ്പെടെ പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

അപേക്ഷകരായ ട്രെയിനികളുടെ വിവരം ഓരോ ട്രേഡ് പ്രകാരം താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്.

# അനുബന്ധം-1

ഐ.ടി.ഐ യുടെ പേര്: സെമസ്റ്റർ

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

## പരിശോധനാ സർട്ടിഫിക്കറ്റ്

'മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ നാലാം സെമസ്റ്റർ റെഗുലർ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു'

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഐ .ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകളും, ട്രെയിനികളുടെ വിവരങ്ങളടങ്ങിയ സി .ഡി, അനുബന്ധം 1 പ്രകാരമുള്ള ഫോർമാറ്റും പ്രത്യേക ദൂതൻ മുഖാന്തിരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ 19.08.2019 ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റ് പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. ഇതിൽ വീഴ്ച

വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.ലേറ്റ് ഫീ ഒടുക്കി അപേക്ഷ സമർപ്പിക്കുന്നവരുടെ വിവരങ്ങൾ 24.08.2019 ന് പരീക്ഷാ വിഭാഗത്തിൽ എത്തിക്കേതാണ്

(Sd/-) MADHAVAN P K, ADT DTTVPM, O/O ADT DTTVPM

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

// അംഗീകാരത്തോടെ //

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ്:- 1. ഡി.റ്റിയുടെ സി.എ/ എ.ഡി.റ്റി/ സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി. (എസ്.പി.ഐ.യു), ജെ.ഡി.റ്റി. / ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)
3. വകുപ്പ് വെബ്സൈറ്റിലേക്ക്

# APPLICATION FOR SCVT TRADE TEST JULY 2019
# REGULAR , SEMESTER- IV

1. Name of ITI where the trainee has undergone training

2. Trade

3. Name of Applicant (IN BLOCK LETTERS) (as in SSLC Book)

4 Full Address

5 Name of Father/ Guardian

6 Date of Birth (as in SSLC Book)

7. Category (To be indicated with Tick mark)

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8 Male/Female. :

9 Roll Number (III Semester)

10 Period of Training (if re-admitted Mention period of re-admission and order must be attached)
: From August.....................................
: To July...........................................

## DECLARATION

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that **I have only FIVE chances to appear for the Trade Test within a period of FIVE years** on completion of my training. . Also I agree to attend the Trade Test at the centre allotted by the Director of Training and also aware that I should secure 80% of the attendance to appear the Trade Test

Date: Name & Signature of the Applicant.

## VERIFICATION REPORT

| | |
|---|---|
| Details of remittance of fees (Chalan in Original to be attached with the application). | Chalan No. & Date : <br> Name of Treasury : <br> Amount : |

:

1 Admission Number with Date, Period of Training (If re- admission, mention the details) :

2 Total Number of Trainees admitted in the Trade as per Admission Closing list :

3 Serial Number of Applicant in the Admission Closing list. :

I hereby certify that the details furnished by the candidate are correct as per the office records. I declare that the candidate has acquired the required training from an unaffiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature.

This character of the trainee is........................................

Signature of the Principal

(Office Seal)

N.B.:- The details in Column 1 to 10 of the trainee should be verified by the Principal of Govt/Pvt ITI and then carefully fill the above columns 1 to 4. Without the above details the application will be rejected without any notice.

**Directorate Verification**

1. Fee remitted :
2. Admission closing list :

**Deputy Director of Training**

**കേരള സർക്കാർ**
**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്**
**സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**
**ജൂലൈ 2019**
**അഡ്മിഷൻ ടിക്കറ്റ്**

ഐ.ടി.ഐ യുടെ പേര് :
ട്രെയിനിയുടെ പേര് :
മേൽവിലാസം :
ട്രേഡ് :
റോൾ നമ്പർ :
ട്രെയിനിയുടെ ഒപ്പ് :
(അഡ്മിഷൻ ടിക്കറ്റ് കൊടുക്കുമ്പോൾ ഇടേണ്ടത്)
അഡ്മിഷൻ ടിക്കറ്റ് കൊടുക്കുന്ന തീയതി :
(കൗണ്ടർ ഫോയിൽ ഓഫീസിൽ സൂക്ഷിക്കണം)

-------------------------------------------------------------------------------------

**കേരള സർക്കാർ**
**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്**
**സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**
**ജൂലൈ 2019**
**അഡ്മിഷൻ ടിക്കറ്റ്**

ട്രേഡ് :

-------------------------------------------------------------------------------------

| റോൾ നമ്പർ | ട്രെയിനിയുടെ പേരും മേൽവിലാസവും | ഐ.ടി.ഐ യുടെ പേര് | പരീക്ഷാ സെന്റർ |
|---|---|---|---|
| | | | |

-------------------------------------------------------------------------------------

ട്രെയിനിയുടെ ഒപ്പ്
(പൂരിപ്പിച്ചയക്കുമ്പോൾ ഇടേണ്ടത്)
ഹാജരാക്കേണ്ടുന്ന വിഷയങ്ങൾ
1.
2.
3.
4.
5.
6.
7.

(ഫോട്ടോ പതിച്ചതിനുശേഷം പ്രിൻസിപ്പാൾ ഒപ്പും മുദ്രയും വച്ച് സാക്ഷ്യപ്പെടുത്തണം)

പ്രിൻസിപ്പാളിന്റെ ഒപ്പ്
തീയതി
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ഡയറക്ടർ ഓഫ് ട്രെയിനിംഗ് നിശ്ചയിക്കുന്നതായിരിക്കും പരീക്ഷാ സെന്റർ
ഐ.ടി.ഐ യുടെ മുദ്ര